(ബി) ഓരോ ജില്ലയ്ക്കും ഇക്കാര്യത്തിൽ തുക കൊടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് പറയുമോ;

(സി) ഓരോ വർഷത്തെയും ട്രാക്ക് ആൻഡ് ഫീൽഡ് ഇവന്റ്സിൽ കിട്ടുന്ന ഒന്നാംസ്ഥാനവും പോയിന്റും ഓരോ ജില്ലയ്ക്കും തുക നൽകുമ്പോൾ കണക്കിൽ എടുക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന സ്കൂൾ കായികമേളയിൽ കളിക്കാരെ അണിനിരത്തുന്നതിന് ഓരോ ജില്ലയ്ക്കും 50,000 രൂപാ (അമ്പതിനായിരം രൂപാ മാത്രം) വീതമാണ് നൽകിവരുന്നത്. നടപ്പുവർഷം ഈയിനത്തിൽ തുക നൽകിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

(സി) കായികമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ജില്ലകൾക്ക് തുക നൽകുന്നതിൽ ട്രാക്ക് ആന്റ് ഫീൽഡ് ഇവന്റിൽ കിട്ടുന്ന പോയിന്റുകൾ പരിഗണിക്കാറില്ല. എന്നാൽ സ്കൂൾ കായികമേളയിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന മുന്ന് സ്കൂളുകൾക്ക് പ്രോത്സാഹനധനം നൽകിവരുന്നുണ്ട്.

ജി. വി. രാജാ സ്പോർട്സ് സ്കൂൾ

2 [299] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജി. വി. രാജാ സ്പോർട്സ് സ്കൂൾ സ്ഥാപിതമായത് എത്ര വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ, പരിശീലകർ, ആൺകുട്ടികൾ, പെൺകുട്ടികൾ, അനദ്ധ്യാപകർ നിലവിലുണ്ട്;

(സി) ജി. വി. രാജാ സ്പോർട്സ് സ്കൂൾവക ശംഖുമുഖത്തെ ഭൂമി സർക്കാർ എത്ര കമാന്റന്റ് ഏറ്റെടുത്തത് എന്നാണ്;

(ഡി) ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് ഏറ്റുവാങ്ങിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിന്റെ അധീനതയിൽ നിന്ന് 1998-2001 വർഷ കാലയളവിൽ എത്ര ഏക്കർ ഭൂമി ജി. വി. രാജാ സ്കൂളിനു വേണ്ടി വിദ്യാഭ്യാസ വകുപ്പിന് കൈമാറി;

(എഫ്) കൈമാറിയിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ജി) ഈ കാലയളവിൽ ഗവൺമെന്റിനേയും കളക്ടറേയും പ്രിൻസിപ്പലിനേയും പ്രതിയാക്കി പ്രവർത്തനമേഖലാ മാറ്റം വിഷയമാക്കി സ്കൂൾ പി. റ്റി. എ. കൈമക്കാടതിയിൽ എത്ര പെറ്റീഷനുകൾ നൽകിയെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 2001 മേയ് മാസം വരെ നഷ്ടപരിഹാരത്തുക ഏറ്റുവാങ്ങിയതിൽ നിന്ന് എത്ര തുക പുതുതായി സ്ഥലം വാങ്ങുന്നതിന് ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(ഐ) തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂളിനുവേണ്ടി അനുവദിച്ച പുതിയ കോമ്പൗണ്ടിൽ ക്ലാസ് റൂമുകൾ, ഹോസ്റ്റലുകൾ, ഗ്രൗണ്ടുകൾ, റോഡുകൾ എന്നിവ പണിയുന്നതിനായി 2001 ഡിസംബർ വരെ യഥാക്രമം എത്ര തുക ചെലവഴിച്ചു;

(ജെ) 1998-2001 കാലയളവിൽ ജി.വി. രാജാ സ്പോർട്സ് സ്കൂൾ ശംഖുമുഖത്തു നിന്ന് മറ്റേതെങ്കിലും ഭാഗത്തേക്ക് മാറ്റി പ്രവർത്തിച്ച് തുടങ്ങിയിരുന്നോ;

(കെ) 2003-2006 വർഷക്കാലയളവിൽ ഈ സ്കൂൾ പുതിയ കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവെന്ന് വിശദമാക്കാമോ;

(എൽ) ജി.വി. രാജാ സ്പോർട്സ് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി യു.ഡി.എഫ്. ഗവൺമെന്റ് 2001-നു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 1975-76-ലാണ് ജി.വി. രാജാ സ്പോർട്സ് സ്കൂൾ സ്ഥാപിച്ചത്.

(ബി)

അദ്ധ്യാപകർ	-	12+1	(പ്രിൻസിപ്പൽ ഉൾപ്പെടെ)
പരിശീലകർ	-	7	
ആൺകുട്ടികൾ	-	270	8, 9, 10 സ്റ്റാന്റേർഡുകൾ
പെൺകുട്ടികൾ	-	90	
അനദ്ധ്യാപകർ	-	8	(മിനിസ്റ്റീരിയൽ)
മെസ്സ്	-	12	താൽക്കാലികം
മാർക്കർ	-	1	

(സി & ഡി) സതേൺ എയർ കമാൻഡന്റിന്റെ ഉപയോഗത്തിനായി ശംഖുമുഖത്തെ ജി. വി. രാജാ സ്പോർട്സ് സ്കൂൾ ക്യാംപസ് അവരുടെ ആവശ്യ പ്രകാരം കൈമാറ്റം ചെയ്യുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം 10,53,98,902 (പത്തു കോടി അമ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി തൊള്ളായിരത്തിരണ്ടു രൂപ മാത്രം) രൂപ 2000 മാർച്ചിൽ അവർ സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ മൈലത്തെ പുതിയ ക്യാംപസിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരികയാണ്. മേൽ സാഹചര്യത്തിൽ ശംഖുമുഖത്തെ സ്ഥലവും കെട്ടിടങ്ങളും പൂർണ്ണമായി എയർ കമാൻഡന്റിന് ഒഴിഞ്ഞു കൊടുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

(ഇ & എഫ്) മണ്ണന്തല ഗവൺമെന്റ് പ്രസ്സിന്റെ അധീനതയിൽ നിന്നും ഭൂമി ഒന്നുംതന്നെ ജി.വി. രാജാ സ്പോർട്സ് സ്കൂളിന്റെ ആവശ്യത്തിനായി കൈമാറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ജി.വി. രാജാ സ്പോർട്സ് സ്കൂൾ ശംഖുമുഖത്ത് നിന്നും തൽക്കാലം മാറ്റരുതെന്ന് ആവശ്യപ്പെട്ട് പി.ടി.എ. പ്രസിഡന്റ് ഹൈക്കോടതിയിൽ ഒരു ഹർജി നൽകിയിരുന്നു.

(എച്ച്) നഷ്ടപരിഹാരത്തുകയിൽ നിന്നും 2001 മേയ് മാസം വരെ ജി.വി. രാജാ സ്പോർട്സ് സ്കൂളിന് സ്ഥലം വാങ്ങുന്നതിന് തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(ഐ) ശംഖുമുഖത്തെ ജി.വി. രാജാ സ്പോർട്സ് സ്കൂൾ കെട്ടിടങ്ങളും സ്ഥലവും സതേൺ എയർ കമാൻഡന്റിന്റെ ഉപയോഗത്തിനായി അടിയന്തിരമായി വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ട സാഹചര്യത്തിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സ് കോമ്പൗണ്ടിലുള്ള മണ്ണന്തല ഗവൺമെന്റ് ഹൈസ്കൂളിലേയ്ക്ക് സ്പോർട്സ് സ്കൂൾ മാറ്റാൻ സർക്കാർ തീരുമാനിച്ചിരുന്നു. മണ്ണന്തല ഗവൺമെന്റ് ഹൈസ്കൂളും പരിസരവും ശുചീകരിച്ചതിനും 2001 മാർച്ച് മാസം 5-ാം തീയതി നടത്തിയ പ്രവർത്ത നോദ്ഘാടനത്തിനും മറ്റുമായി 20,953 (ഇരുപത്തിനായിരത്തി തൊള്ളായിരത്തി അമ്പത്തി മൂന്ന് രൂപ) രൂപ ചെലവായിരുന്നു.

ക്ലാസ് മുറികൾ, ഹോസ്റ്റലുകൾ, ഗ്രൗണ്ടുകൾ, റോഡുകൾ എന്നിവ പണിയു ന്നതിനായി 2001 ഡിസംബർ വരെ മണ്ണന്തലയിൽ പ്രത്യേകിച്ച് തുകയൊന്നും തന്നെ ചെലവാക്കിയിട്ടില്ല.

(ജെ) ഇല്ല.

(കെ) ജി.വി. രാജാ സ്പോർട്സ് സ്കൂൾ നിർമ്മാണത്തിനായി അനുയോജ്യ മായ സ്ഥലം തിരുവനന്തപുരം ജില്ലയിൽ അരുവിക്കര പഞ്ചായത്തിൽ ഉൾപ്പെട്ട മൈലത്ത് നിന്നും 2003-ൽ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിരുന്നു. അടിസ്ഥാന സൗകര്യ ങ്ങളോടുകൂടിയതും അന്തർദേശീയ നിലവാരത്തിലുള്ളതുമായ സ്പോർട്സ് സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മൈലത്ത് ധൃതഗതിയിൽ നടന്നുവരികയാണ്. കാലതാമസം കൂടാതെ ജി.വി. രാജാ സ്പോർട്സ് സ്കൂൾ ശംഖുമുഖത്ത് നിന്ന് മൈലത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എൽ) ജി.വി. രാജാ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യങ്ങളോടുകൂടിയതും, അന്തർദേശീയ നിലവാരത്തി ലുള്ളതുമായ പുതിയ സ്പോർട്സ് സ്കൂൾ നിർമ്മാണം മൈലത്ത് നടന്നുവരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ ഡയറ്റ് ചാർജ് 1-12-2004 മുതൽ 30 രൂപയിൽ നിന്നും 45 രൂപയാക്കി വർദ്ധിപ്പിച്ചു. സ്പോർട്സ് കിറ്റ് വാങ്ങുന്നതിനായി ഓരോ കുട്ടിക്കും പ്രതിവർഷം 1000 (ആയിരം രൂപ) രൂപാ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് വിദഗ്ദ്ധ കോച്ചുകളുടെ സ്ഥിരം സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly